**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640** **19-09-2025 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പുതിയങ്ങാടി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നതും, പുതിയങ്ങാടി ദേശം ടി. എസ് നം. 1-1-3-ൽ പെട്ട കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ 5 സെന്റ് സ്ഥലം, പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറുവാൻ കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ പ്രമേയം പാസാക്കിയിട്ടുള്ളതിനാൽ, ടി സ്ഥലം റവന്യൂ വകുപ്പിന് വിട്ടു കൊടുക്കുന്നതിനായി ജില്ലകളക്ടർ, കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നതിന് കോഴിക്കോട് കോർപ്പറേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിന് വിട്ടു കൊടുക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി 10.09.25 തീയതിയിൽ നിശ്ചിത പ്രഫോർമയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ, 1958-ലെ ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം എത്രയും വേഗം നടപടികൾ സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുവാൻ കോഴിക്കോട് സബ് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ